REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 26-05-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **മുഖ്യമന്ത്രി VD സതീശൻ പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി.**
- **സംസ്ഥാനത്തെ പ്ലസ്.ടു പരീക്ഷാ ഫലം ഉച്ചകഴിഞ്ഞു മൂന്നിന്.**
- **ഹജ്ജ് തീർത്ഥാടനത്തിലെ പ്രധാന ചടങ്ങായ അറഫ സംഗമം ഇന്ന്.**
- **സംസ്ഥാനത്ത് കാലവർഷത്തിന് ഇന്നോ നാളെയോ തുടക്കമായേക്കും.**
- **IPL ക്രിക്കറ്റ് ഒന്നാം ക്വാളിഫയറിൽ വൈകിട്ട് റോയൽ ചലഞ്ചേഴ്സ് ബംഗളൂരു, ഗുജറാത്ത് ടൈറ്റൻസിനെ നേരിടും.**

## വാർത്തകൾ വിശദമായി

മുഖ്യമന്ത്രി VD സതീശൻ പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. രാവിലെ 11.15-ന് പ്രധാനമന്ത്രിയുടെ ഓഫീസിലായിരുന്നു കൂടിക്കാഴ്ച. ഉച്ചകഴിഞ്ഞ് ധനമന്ത്രി നിർമല സീതാരാമനെയും മുഖ്യമന്ത്രി കാണും. ആഭ്യന്തര മന്ത്രി അമിത് ഷായുമായി VD സതീശൻ നാളെ കൂടിക്കാഴ്ച നടത്തും.

✪✪✪

മന്ത്രി രമേശ് ചെന്നിത്തലയുടെ അധ്യക്ഷതയിൽ സംസ്ഥാനത്തെ ഉന്നത വിജിലൻസ് ഉദ്യോഗസ്ഥരുടെ യോഗം തിരുവനന്തപുരത്ത് ആരംഭിച്ചു. PMG-യിലെ വിജിലൻസ് ആസ്ഥാനത്ത് യോഗം പുരോഗമിക്കുകയാണ്. SP -മാർ മുതൽ ഉയർന്ന പോലീസ് ഉദ്യോഗസ്ഥർ വരെ യോഗത്തിൽ പങ്കെടുക്കുന്നുണ്ട്.

രമേശ് ചെന്നിത്തല ആഭ്യന്തര മന്ത്രിയായി ചുമലയേറ്റ ശേഷം ആദ്യത്തെ ഉന്നതതല യോഗമാണ് ഇത്.

യോഗത്തിന് ശേഷം വാർത്താ സമ്മേളനത്തിൽ മന്ത്രി രമേശ് ചെന്നിത്തല യോഗത്തിന്റെ വിശദാംശങ്ങൾ അറിയിക്കും.

✪✪✪

സംസ്ഥാനത്തെ പ്ലസ്.ടു പരീക്ഷാ ഫലം ഉച്ചകഴിഞ്ഞ് മന്ത്രി N ഷംസുദ്ദീൻ തിരുവനന്തപുരത്ത് പ്രഖ്യാപിക്കും.

HSE, VHSE, THSC പരീക്ഷാ ഫലങ്ങൾ അപ്പോൾ തന്നെ 'നമ്മുടെ കേരളം' മൊബൈൽ ആപ്പിലൂടേയും ലഭ്യമാക്കും. വെബ്സൈറ്റിലൂടെ ഒരേ സമയം നിരവധി പേർ ഫലം പരിശോധിക്കുമ്പോൾ ഉണ്ടാകുന്ന തടസങ്ങൾ ഒഴിവാക്കാൻ മൊബൈൽ ആപ് സഹായകമാകുമെന്ന് അധികൃതർ അറിയിച്ചു. Results.kerala.gov.in അടക്കം വെബ്സൈറ്റുകളിലും ഫലം ലഭ്യമാകും. നാലര ലക്ഷത്തോളം വിദ്യാർത്ഥികളാണ് പ്ലസ്.ടു പരീക്ഷ എഴുതിയത്.

✪✪✪

ഒന്നാംവർഷ ഹയർസെക്കന്ററി പ്രവേശനത്തിന് ഓൺലൈൻ അപേക്ഷാ സമർപ്പണം ആരംഭിച്ചു. ജൂൺ മൂന്നു വരെ പത്ത് ദിവസം ഏകജാലകം വഴി അപേക്ഷ നൽകാം.

✪✪✪

മുൻ മുഖ്യമന്ത്രി പിണറായി വിജയന്റെ മകൾ വീണ വിജയന്റെ കമ്പനിയായ എക്സാ ലോജിക് സൊല്യൂഷൻസും CMRL-ഉം തമ്മിലെ ഇടപാടുകളിൽ ED-യ്ക്ക് അന്വേഷണം തുടരാമെന്ന് കേരള ഹൈക്കോടതി വിധിച്ചു. കൊച്ചിൻ മിനറൽസ് ആൻഡ് റൂട്ടൈൽ ലിമിറ്റഡ് കമ്പനിയും ഉദ്യോഗസ്ഥരും സമർപ്പിച്ച ഹർജി കോടതി തള്ളി. ഇതോടെ മാസപ്പടി കേസിൽ കള്ളപ്പണം വെളുപ്പിക്കൽ നിരോധന നിയമപ്രകാരം ED അന്വേഷണം തുടരും.

✪✪✪

ക്വാഡ് വിദേശകാര്യ മന്ത്രിമാരുടെ യോഗം ന്യൂഡൽഹിയിൽ സമാപിച്ചു. വിദേശകാര്യ മന്ത്രി ഡോ. S ജയ്ശങ്കർ യോഗത്തിൽ അധ്യക്ഷനായി. ക്വാഡ് രാജ്യങ്ങൾക്കിടയിലെ സഹകരണം കൂടുതൽ ശക്തിപ്പെടുത്തുമെന്ന് യോഗത്തിന് ശേഷം സംയുക്ത വാർത്താസമ്മേളനത്തിൽ ഡോ. ജയ്ശങ്കർ പറഞ്ഞു.

ഓസ്ട്രേലിയൻ വിദേശകാര്യ മന്ത്രി പെന്നി വോങ്, ജപ്പാൻ വിദേശകാര്യ മന്ത്രി തോഷി മിറ്റ്സു മൊട്ടേഗി, US സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

✪✪✪

ഇന്ത്യ അമൃത് കാലത്തിലൂടെ കടന്നുപോകുകയാണെന്ന് ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ പറഞ്ഞു. യുവാക്കളുടെ കഠിനാധ്വാനം, 2047 ഓടെ, വികസിത ഭാരതം എന്ന സ്വപ്നത്തെ രൂപപ്പെടുത്തുമെന്ന് ഇംഗ്ലീഷ് ദിനപത്രത്തിന് നൽകിയ ലേഖനത്തിൽ ഉപരാഷ്ട്രപതി അഭിപ്രായപ്പെട്ടു.

അടിസ്ഥാന സൗകര്യങ്ങൾ, വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, സ്ത്രീ ശാക്തീകരണം, സാങ്കേതികവിദ്യ എന്നീ മേഖലകളിൽ രാജ്യത്തിന്റെ നേട്ടങ്ങൾ എടുത്തുകാണിച്ച ഉപരാഷ്ട്രപതി ദൃഢനിശ്ചയം, അച്ചടക്കം, കൂട്ടായ പരിശ്രമം എന്നിവയിലൂടെ രാഷ്ട്ര നിർമ്മാണത്തിന്റെ ഉത്തരവാദിത്തം യുവതലമുറ ഏറ്റെടുക്കണമെന്നും ആവശ്യപ്പെട്ടു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി അധികാരമേറ്റശേഷം ആത്മവിശ്വാസത്തിന്റെയും സാംസ്കാരിക നവോത്ഥാനത്തിന്റെയും ചരിത്രഘട്ടമാണ് 12 വർഷങ്ങളായി ആഘോഷിക്കുന്നതെന്ന് BJP ദേശീയ അധ്യക്ഷൻ നിതിൻ നബിൻ പറഞ്ഞു. സദ്ഭരണത്തിന്റെയും രാഷ്ട്രം ലക്ഷ്യമിടുന്ന 2047-ലെ വികസിത് ഭാരതത്തിന്റെ മഹത്തായ ദൃഢനിശ്ചയത്തിനും ശക്തമായ അടിത്തറയായി പ്രധാനമന്ത്രി മാറുന്നുവെന്നും അദ്ദേഹം സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

നരേന്ദ്രമോദി ഗവണ്മെന്റിന്റെ 12 വർഷ ഭരണത്തെ രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് പ്രശംസിച്ചു. ഇന്ത്യയുടെ നാഗരികവും വികസനപരവുമായ യാത്രയിലെ ഒരു പരിവർത്തന ഘട്ടമാണിതെന്ന് അദ്ദേഹം വിശേഷിപ്പിച്ചു. പ്രധാനമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത 2014 മെയ് 26 രാജ്യത്തിന്റെ ഭരണം, ദർശനം, നേതൃത്വം, ദേശീയ ദൃഢനിശ്ചയം എന്നിവയിൽ നിർണായകമായ മാറ്റത്തിന് വഴിയൊരുക്കിയതായി അദ്ദേഹം സാമൂഹ്യമാധ്യമ പോസ്റ്റിൽ കുറിച്ചു.

✪✪✪

ഗുൽമാർഗിൽ കേബിൾ കാറുകളിൽ കുടുങ്ങിയ 300 വിനോദസഞ്ചാരികളെ രക്ഷപ്പെടുത്തിയത് ഇന്ത്യയുടെ ദുരന്ത നിവാരണ ഏജൻസികളുടെ വേഗം, പ്രൊഫഷണലിസം, ധൈര്യം, ഏകോപനം എന്നിവ പ്രതിഫലിപ്പിക്കുന്നതായി രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് പറഞ്ഞു. കാര്യക്ഷമതയോടെയും ദൃഢനിശ്ചയത്തോടെയും നടത്തിയ സേനകളുടെ ശ്രമങ്ങളെ അദ്ദേഹം

പ്രശംസിച്ചു. രക്ഷാപ്രവർത്തനത്തിൽ പങ്കെടുത്ത ഉദ്യോഗസ്ഥരുടെ സമർപ്പണവും സേവനവും രാഷ്ട്രം അംഗീകരിക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നുവെന്നും രാജ്നാഥ് സിംഗ് അഭിപ്രായപ്പെട്ടു.

✪✪✪

ഹജ്ജ് തീർത്ഥാടനത്തിലെ പ്രധാന ചടങ്ങായ അറഫ സംഗമം ഇന്ന്. മക്കയിലെ ജബലു റഹ്മയിൽ പ്രാർത്ഥനകളോടെ 18 ലക്ഷത്തിലധികം തീർഥാടകർ ഒത്തുചേരുകയാണ്. നമിറ പള്ളിയിൽ ഉച്ചയ്ക്ക് പ്രത്യേക പ്രഭാഷണത്തിനും പ്രാർത്ഥനയ്ക്കും ശേഷം തീർഥാടകർ അറഫയിൽ സംഗമിക്കും. സന്ധ്യയോടെ അറഫ വിടുന്ന തീർഥാടകർ പ്രാർത്ഥനയുമായി മുസ്ദലിഫയിലേക്ക് നീങ്ങും.

തുറന്ന ആകാശത്തിന് താഴെ വിശ്രമിച്ച ശേഷം നാളെ പുലർച്ചെ ജംറയിലെത്തി പിശാചിന്റെ പ്രതീകത്തിന് കല്ലെറിയുകയും മുടി മുറിക്കുകയും ചെയ്യുന്നതോടെ ഹജ്ജ് കർമ്മങ്ങൾക്ക് അർദ്ധവിരാമമാകും. തുടർന്ന് മിനായിലെ കൂടാരങ്ങളിലേക്ക് മടങ്ങുന്ന തീർഥാടകർ ബാക്കി കർമ്മങ്ങൾ പൂർത്തിയാക്കും.

✪✪✪

സംസ്ഥാനത്ത് കാലവർഷത്തിന് ഇന്നോ നാളെയോ തുടക്കമായേക്കും. ജൂൺ ഒന്നിന് സാധാരണയായി എത്തുന്ന കാലവർഷം ഇത്തവണ നേരത്തെ ആരംഭിക്കുമെന്നാണ് കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ പ്രവചനം.

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. വടക്കൻ ജില്ലകളിൽ രാവിലെ മുതൽ വലിയ തോതിൽ മഴയില്ല. അതേ സമയം കൊച്ചി, മൂന്നാർ, കുമരകം, നിലക്കൽ, കുമളി, ശബരിമല, വർക്കല, പൊൻമുടി തുടങ്ങി തെക്കൻ ജില്ലകളിലെ പല ഭാഗങ്ങളിലും രാവിലെ മുതൽ മഴയുണ്ട്.

✪✪✪

ഇന്ധനവില വർധന പിൻവലിക്കണമെന്നാവശ്യപ്പെട്ട് മണ്ഡലം കോൺഗ്രസ് കമ്മിറ്റികളുടെ നേതൃത്വത്തിൽ വൈകിട്ട് സംസ്ഥാന വ്യാപകമായി പ്രതിഷേധം സംഘടിപ്പിക്കുമെന്ന് KPCC ജനറൽ സെക്രട്ടറി നെയ്യാറ്റിൻകര സനൽ തിരുവനന്തപുരത്ത് അറിയിച്ചു. കഴിഞ്ഞ രണ്ട് ആഴ്ചയ്ക്കിടെ നാല് തവണ ഇന്ധനവില വർധിപ്പിച്ചതിനെതിരെയാണ് പ്രതിഷേധം.

✪✪✪

കണ്ണൂർ, കൊട്ടിയൂർ വൈശാഖ മഹോത്സവത്തിന് മറ്റന്നാൾ തുടക്കമാകും. തീർത്ഥാടകർക്ക് അക്കരെ കൊട്ടിയൂരിൽ എത്താനായി ബാവലിപ്പുഴയ്ക്ക്

കുറുകെ നിർമ്മിച്ച പാലം അല്പം മുൻപ് മന്ത്രി K.മുരളീധരൻ ഉദ്ഘാടനം ചെയ്തു.

കണ്ണൂരിൽ നിന്ന് KO ശശിധരൻ...

----------വോയ്സ്-----------

മന്ദംചേരിയിൽ നിന്ന് അക്കരെ കൊട്ടിയൂരിലേക്ക് 60 മീറ്റർ നീളവും അഞ്ച് മീറ്റർ വീതിയുമുള്ള സ്റ്റീൽപാലമാണ് നിർമ്മിച്ചത്. നേരത്തെയുണ്ടായിരുന്ന പാലത്തിന് ബലക്ഷയം ഉണ്ടാ യതിനെ തുടർന്നാണ് രണ്ടരക്കോടിയോളം രൂപ ചെലവഴിച്ച് പുതിയ പാലം പണിതത്. നവീകരിച്ച പാർക്കിംഗ് ഗ്രൗണ്ട് വൈദ്യുതി മന്ത്രി സണ്ണി ജോസഫ് ഉദ്ഘാടനം ചെയ്തു.

അക്കരെ നടപ്പന്തളിന്റെ ഉദ്ഘാടനം മലബാർ ദേവസ്വം ബോർഡ് പ്രസിഡന്റ് ഓ. കെ വാസു നിർവഹിച്ചു. അക്കരെ കൊട്ടിയൂരിൽ കയ്യാലകളുടെ നിർമാണം ഏറെക്കുറെ പൂർത്തിയായി. 28 മുതൽ അടുത്ത മാസം 24 വരെ പാൽചൂരം ബോയ്സ് ടൗൺ ചുരം റോഡിൽ ഭാര വാഹന ങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയതായി പോലീസ് അറിയിച്ചു. വാഹനങ്ങൾ പേരിയ-നെടുംപൊയിൽ വഴി കടന്നു പോകണം. കർണാടക ഉൾപ്പെടെയുള്ള ഇതര സംസ്ഥാനങ്ങളിൽ നിന്ന് ഇത്തവണ നിരവധി തീർത്ഥാടകർ കൊട്ടിയൂരിൽ എത്തും എന്നാണ് പ്രതീക്ഷിക്കുന്നത്.

✪✪✪

വയനാട് പുത്തുമലയിൽ കാട്ടാന ആക്രമണത്തിൽ സ്ത്രീ മരിച്ചു. മേപ്പാടി പുത്തുമല സ്വദേശി ജെസ്സിയാണ് മരിച്ചത്. രാവിലെ ഭർത്താവ് ഷാജിയ്ക്കൊപ്പം സ്കൂട്ടറിൽ പോകുമ്പോൾ കാട്ടാന ആക്രമിക്കുകയായിരുന്നു. ഷാജിക്കും പരിക്കേറ്റു.

കുടുംബത്തിന് അടിയന്തര ധനസഹായമായി 5 ലക്ഷം രൂപ വനം വകുപ്പ് ഇന്ന് തന്നെ കൈമാറും. കുടുംബത്തിലെ ആശ്രിതരിൽ ഒരാൾക്ക് താൽക്കാലിക ജോലി നൽകാനും തീരുമാനം ആയിട്ടുണ്ട്.

കാട്ടാനയാക്രമണത്തിൽ പ്രതിഷേധിച്ച് മേപ്പാടിയിൽ റോഡ് ഉപരോധിച്ചു. ആനയെ മയക്കുവെടി വെച്ച് പിടികൂടാൻ നടപടിയെടുക്കുമെന്ന് വനംവകുപ്പ് അറിയിച്ചു.

✪✪✪

IPL ക്രിക്കറ്റ് ഒന്നാം ക്വാളിഫയറിൽ ഇന്ന് നിലവിൽ ചാമ്പ്യൻമാരായ റോയൽ ചലഞ്ചേഴ്സ് ബംഗളൂരു, ഗുജറാത്ത് ടൈറ്റൻസിനെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് ധർമ്മശാലയിലാണ് മത്സരം. വിജയിക്കുന്ന ടീം നേരിട്ട്

ഫൈനലിലെത്തും. തോൽക്കുന്ന ടീമിന് രണ്ടാം ക്വാളിഫയറിൽ ഒരവസരം കൂടി ലഭിക്കും.

നാളെ എലിമിനേറ്ററിൽ സൺറൈസേഴ്സ് ഹൈദരാബാദ്, രാജസ്ഥാൻ റോയൽസിനെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് മൊഹാലിയിലാണ് മത്സരം. വിജയിക്കുന്ന ടീം രണ്ടാം ക്വാളിഫയറിലേക്ക് മുന്നേറും. തോൽക്കുന്ന ടീം ടൂർണമെന്റിൽ നിന്ന് പുറത്താകും.

✪✪✪

നോർവേ ചെസ് 2026 ഓസ്ലോയിൽ ആരംഭിച്ചു. ഇന്ത്യൻ താരങ്ങളായ R.പ്രഗ്നാനന്ദയും, D.ഗുകേഷും അർമ്മഗെഡോണിലെ ആദ്യ മത്സരങ്ങളിൽ വിജയിച്ചു. പ്രഗ്നാനന്ദ, ടൈബ്രേക്കിൽ വെസ്ലി സോയെ പരാജയപ്പെടുത്തി. വിൻസെന്റ് കീമറിനെയാണ് ഗുകേഷ് തോൽപ്പിച്ചത്.

✪✪✪

സിംഗപ്പൂർ ഓപ്പൺ സൂപ്പർ 750 ബാഡ്മിന്റൺ ടൂർണമെന്റിന് ഇന്ന് തുടക്കം. മുൻനിര താരങ്ങളായ ലക്ഷ്യ സെന്നും PV സിന്ധുവും ഇന്ത്യൻ ടീമിന് നേതൃത്വം നൽകും. ആയുഷ് ഷെട്ടി, കിദംബി ശ്രീകാന്ത്, HS പ്രണോയ് എന്നിവരും ടൂർണമെന്റിൽ പങ്കെടുക്കും.

ചൈനീസ് താരത്തിനെതിരെയാണ് ലക്ഷ്യസെനിന്റെ ആദ്യ പോരാട്ടം. വനിതാ സിംഗിൾസിൽ PVസിന്ധു ഇന്തോനേഷ്യൻ താരത്തെ നേരിടും.

✪✪✪

കൊച്ചി തുറമുഖത്തിന്റെ 98-ാം ദിനാഘോഷം ഇന്ന്. ആഘോഷത്തിന്റെ ഭാഗമായി ഉച്ചയ്ക്ക് 2.30 വരെ പൊതുജനങ്ങൾക്ക് സൗജന്യമായി കപ്പൽ സന്ദർശിക്കാം. 1928 മേയ് 26-ന് കൊച്ചി തുറമുഖത്ത് ആദ്യ കപ്പലായ S.S പദ്മ എത്തിയ ചരിത്ര ദിവസത്തിന്റെ ഓർമ്മപുതുക്കലാണ് തുറമുഖദിനം.

✪✪✪

*News Editor: പി ചന്ദ്രബാബു*
*News Reader: ശരണ്യ രാജൻ*
*News Team: അനിൽ ചന്ദ്രൻ, നിമിഷ ജി,*
*DEO : സി കെ സുബോധ്*